**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആറ്റിങ്ങൽ നഗരസഭ- മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ-എസ്.ജെ.എസ്.ആർ.വൈ.നിരക്കിലും അധികം തുക അനുവദിക്കുക വഴി 1,80,450/- രൂപ അധികമായി ചെലവഴിച്ചത്- സാധൂകരണം നൽകി ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം. 395 /2017/തസ്വഭവ. തിരുവനന്തപുരം, തീയതി:13/02/2017

പരാമർശം: 1.ആറ്റിങ്ങൽ നഗരസഭസെക്രട്ടറിയുടെ 09/04/2013-ലെ ജി.3-5074/08 നമ്പർ കത്ത്.

2. ആറ്റിങ്ങൽ നഗരസഭ കമ്മിറ്റിയുടെ 23/02/2013-ലെ 2(1-)ം നമ്പർ തീരുമാനം.

3. എ.ജിയുടെ 28/07/2010 ലെ NBA-HQIII/8A/1595/81 മ്പർ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 5.

**<u>ഉത്തരവ്</u>**

ആറ്റിങ്ങൽ നഗരസഭയുടെ 2006-07 മുതൽ 2007-08 വരെയുള്ള കാലയളവിലെ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട S.65/07,S.03/07,S.15/08 എന്നീ പ്രോജക്ടുകൾക്കുകീഴിൽ , പദ്ധതി മാർഗരേഖയിൽ നിർദ്ദേശിച്ച എസ്.ജെ.എസ്.ആർ.വൈ.നിരക്കിലും അധികം തുക അനുവദിക്കുക വഴി 1,80,450/- രൂപ സബ്സിഡിയിനത്തിൽ അധികമായി ചെലവഴിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചിരുന്നു.

2)ഈ പ്രോജക്ടുകളുടെ ഗുണഭോക്താക്കൾ പാവപ്പെട്ടവരും, മൃഗപരിപാലനം കൊണ്ടുമാത്രം ഉപജീവനം നടത്തുന്നവരുമാണെന്നും ,തൊഴുത്ത് പുനരുദ്ധരീകരിച്ചാൽ ഇവരുടെ കന്നുകാലികളുടെ രോഗങ്ങൾ നിയന്ത്രിക്കാൻ കഴിയുമെന്നും അങ്ങനെ അവരെ മൃഗപരിപാലന മേഖലയിൽ പിടിച്ചുനിർത്താൻ സാധിക്കുമെന്നതിനാലുമാണ് പ്രസ്തുത പദ്ധതിയിൽകീഴിൽ ഉയർന്ന സബ്സിഡി അനുവദിച്ചതെന്ന് നഗരസഭസെക്രട്ടറി അറിയിക്കുകയുണ്ടായി കർഷകർക്ക് സ്വന്തമായി മുഴുവൻ തുകയും ചെലവഴിച്ച് തൊഴുത്ത് പുനരുദ്ധരീകരിക്കാൻ സാധിക്കാത്തതിനാലാണ് അവർക്ക് ധനസഹായം നൽകിയയെന്നും,തുക പൂർണ്ണമായും ഗുണഭോക്താക്കൾക്ക് വിതരണംചെയ്തിട്ടുണ്ടെന്നും,എല്ലാ കർഷകരും നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും, പദ്ധതി കാര്യക്ഷമമായി പൂർത്തീകരിച്ചിട്ടുണ്ടെന്നും നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയുണ്ടായി. ഒരുതരത്തിലുമുള്ള സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ലാത്തതിനാലും കർഷകർക്ക് ഗുണഫലം ലഭിച്ചിട്ടുള്ളതിനാലും ഈ ചെലവിന് സാധൂകരണം നൽകണമെന്നും ആറ്റിങ്ങൽ നഗരസഭ അപേക്ഷിച്ചിരുന്നു.

3)മേൽ സാഹചര്യത്തിൽ പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു ഈ പ്രോജക്ടുകളുടെ ഗുണഭോക്താക്കൾ പാവപ്പെട്ടവരും,മൃഗപരിപാലനം കൊണ്ടുമാത്രം ഉപജീവനം നടത്തുന്നവരുമാണെന്നും, അവർക്ക് സ്വന്തമായി മുഴുവൻ തുകയും ചെലവഴിച്ച് തൊഴുത്ത് പുനരുദ്ധരീകരിക്കാൻ സാധിക്കാത്തതിനാലാണ് അവർക്ക് ധനസഹായം നൽകിയത് എന്നുമുള്ള വിശദീകരണം ന്യായീകരിക്കത്തക്കതാണ്.തുക പൂർണ്ണമായും ഗുണഭോക്താക്കൾക്ക് വിതരണംചെയ്തിട്ടുണ്ടെന്നതിനാലും,എല്ലാ കർഷകരും നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുള്ളതിനാലും പദ്ധതി കാര്യക്ഷമമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുള്ളതിനാലും, കർഷകർക്ക് ഗുണഫലം ലഭിച്ചിട്ടുള്ളതിനാലും പദ്ധതി നടത്തിപ്പ് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉണ്ടായിട്ടില്ലാത്തതിനാലും ആറ്റിങ്ങൽ നഗരസഭസെക്രട്ടറിയുടെ അപേക്ഷ, നഗരസഭ കൗൺസിൽ തീരുമാനം, എന്നിവയുടെ അടിസ്ഥാനത്തിൽ, എസ്.ജെ.എസ്.ആർ.വൈ.നിരക്കിലും അധികം തുക അനുവദിക്കുക വഴി സബ്സിഡിയിനത്തിൽ അധികമായി 1,80,450/- രൂപ ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു.എ.റ്റി.
ഗവ.അണ്ടർ സെക്രട്ടറി

സെക്രട്ടറി, ആറ്റിങ്ങൽ നഗരസഭ.
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്.
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ ,ഐ.കെ.എം,തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.